95-96 - 14.87 കോടി രൂപ ലാഭം

96-97 - 0.81 കോടി രൂപ ലാഭം

97-98 - 12.75 കോടി രൂപ നഷ്ടം

98-99 - 8.44 കോടി രൂപ നഷ്ടം

(സി) കിലോവാട്ടിന് 2.48 രൂപയാണ് ഇപ്പോൾ ഈടാക്കുന്നത്. ഈ നിരക്ക് വർദ്ധിപ്പിക്കാൻ ഇപ്പോൾ നിർദ്ദേശമില്ല.

(ഡി)&(ഇ) 31.3.99 വരെ പാട്ടക്കരമായി കമ്പനി സർക്കാരിന് 6.52 കോടി രൂപ നൽകേണ്ടതുണ്ട്. സർവ്വീസ് ചാർജ്ജ് ഇനത്തിലും പാട്ടക്കരമായും നൽകുവാനുള്ള തുക കമ്പനിയിൽ സർക്കാരിന്റെ മൂലധന നിക്ഷേപമായി മാറ്റണമെന്നും തുടർന്ന് സർവ്വീസ് ചാർജ്ജ് നിറുത്തലാക്കണമെന്നും പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരന്തിമ തീരുമാനമെടുത്തിട്ടില്ല.

266 (1445) കെൽ.പാം-ന്റെ പദ്ധതികൾ

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽ പാം ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പനകയറ്റ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയും പനയിൽനിന്നും ലഭിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിനും ഉപഭോഗത്തിനും വേണ്ടി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഇനിയും എന്തെല്ലാം പുതിയ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) കെൽ പാം ന്റെ യൂണിറ്റുകളോ, സെന്ററുകളോ മറ്റു സ്ഥാപനങ്ങളോ ഉണ്ടെങ്കിൽ ഇവ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ;

(ഇ) ഈ സ്ഥാപനത്തിൽ ആകെ എത്രപേർ ജോലി ചെയ്യുന്നുണ്ട്; ഏതെല്ലാം തസ്തികയിൽ എന്നും നിയമനരീതി എപ്രകാരമായിരുന്നു എന്നുമുള്ളതിന്റെ വിശദവിവരം വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെൽ.പാംമിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; ഏതെല്ലാം തസ്തികയിൽ, നേരിട്ടുള്ള നിയമനത്തിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ജി) ഏതെങ്കിലും തസ്തികയിലേയ്ക്ക് നടത്തിയ നിയമനങ്ങൾ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(എച്ച്) കെൽ.പാം നടത്തിപ്പിനെക്കുറിച്ചും നിയമന രീതിയെക്കുറിച്ചും ഉള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഐ) കെൽ.പാംമിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ഏതെങ്കിലും തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണം ഇക്കാര്യത്തിൽ നടക്കുന്നുണ്ടോ; അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പനനാര് സംസ്ക്കരണവും വിപണനവും, പനകയറ്റ തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ നടപ്പിലാക്കുക, അവർ ഉൽപ്പാദിപ്പിക്കുന്ന പന ഉൽപ്പന്നങ്ങൾക്കു വിപണി കണ്ടെത്തുക, പന വ്യവസായ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയവയാണ് കെൽ. പാംമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) പനകയറ്റ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി കെൽ പാം സമർപ്പിച്ചിട്ടുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. "പാംലഹർ" എന്ന ശീതളപാനീയം ഉൽപ്പാദിപ്പിക്കുന്നതിനായി പുതിയ യൂണിറ്റുകൾ തുറക്കുകയും പന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ പരിശീലന കോഴ്സുകൾ ആരംഭിക്കുകയും കെൽ പാം ചെയ്തിട്ടുണ്ട്.

(സി) പാംലഹറിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ യൂണിറ്റുകൾ തുറക്കുകയും അവയിൽ ഓട്ടോമാറ്റിക് മെഷീനറികൾ സ്ഥാപിക്കാനും പാലക്കാട്ടുള്ള ഫെസിലിറ്റി സെന്ററിനോടൊപ്പം ഒരു മിനിസോഫ്റ്റ് ഡ്രിങ്ക് യൂണിറ്റ് ആരംഭിക്കുന്നതിനും വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങളിൽ കെൽപാമിന്റെ സ്റ്റാളുകൾ ആരംഭിക്കുന്നതിനും കെൽപാം പദ്ധതി ഇട്ടിട്ടുണ്ട്. കൂടാതെ 100-ൽപ്പരം പേർക്ക് തൊഴിൽ ലഭിക്കത്തക്കവണ്ണം ഒരു പാം നഴ്സറി നെയ്യാറ്റിൻകര താലൂക്കിൽ ആരംഭിക്കുന്നതിനും കെൽപാമിന് പരിപാടിയുണ്ട്.

(ഡി) കെൽപാമിന്റെ ഫെസിലിറ്റി സെന്ററുകൾ (യൂണിറ്റുകൾ) തിരുവനന്തപുരം ജില്ലയിൽ കൊറ്റാമം എന്ന സ്ഥലത്തും കൊല്ലം ജില്ലയിൽ വടക്കേവിളയിലും പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിലും സ്ഥിതി ചെയ്യുന്നു.

(ഇ) ഈ സ്ഥാപനത്തിൽ ആകെ 19 പേർ ജോലി ചെയ്യുന്നുണ്ട്.

	തസ്തികയുടെ പേര്		നിയമന രീതി
1.	മാനേജിംഗ് ഡയറക്ടർ	-	ഡെപ്യൂട്ടേഷൻ വഴി
2.	ഫൈനാൻസ് മാനേജർ	-	കരാർ അടിസ്ഥാനത്തിൽ
3.	അക്കൗണ്ട്സ് ഓഫീസർ	-	സ്ഥിരം ജീവനക്കാർ
4.	കോൺ: അസിസ്റ്റന്റ്	-	(കോർപ്പറേഷൻ ആരംഭിച്ച്
5.	ലെയ്സൺ ഓഫീസർ കം-അസി.പെഴ്സണൽ ഓഫീസർ	-	കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖാന്തിരം നിയമനം ലഭിച്ചവർ)
6.	പ്യൂൺ	-	
7.	ഡ്രൈവർ		

കൂടാതെ 7 കോൺട്രാക്ട് വർക്കേഴ്സും 5 കാഷ്വൽ വർക്കേഴ്സും (ഡെയിലി വേജസ്) ജോലി നോക്കിവരുന്നു.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 7 ജീവനക്കാരെ കെൽ പാം നിയമിച്ചിട്ടുണ്ട്. ഫൈനാൻസ് മാനേജർ തസ്തികയിലേക്ക് ഒരാളെ

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചു. ദിനപത്രങ്ങളിൽ പരസ്യം നൽകി, ലഭിച്ച അപേക്ഷകരെ ഇന്റർവ്യൂ നടത്തിയാണ് പ്രസ്തുത നിയമനം നടത്തിയത്. കൂടാതെ ഒരു വാച്ച്മാനേയും 5 കാഷ്വൽ വർക്കേഴ്സിനേയും ദിവസശമ്പളത്തിൽ നിയമിച്ചിട്ടുണ്ട്.

(ജി) 24.10.98-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം. 153/98/ഐഡി പ്രകാരം കെൽ പാമിൽ 11 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ഇതിൽ 5 എണ്ണം ടെക്നിക്കൽ തസ്തികകളാണ്. ഈ തസ്തികകളിലേയ്ക്ക് നിയമനം നടത്തിയിട്ടില്ല. നിയമനം നടത്തി എന്ന് ആരോപിച്ച് ശ്രീദേവ്, സാംജോൺ, വിജു. കെ എന്നിവർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി.യിൽ താൽക്കാലിക സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(എച്ച്) ഉണ്ട്. ഗവൺമെന്റിലേക്ക് ലഭിച്ച പരാതികൾ ധനകാര്യ (ഇൻസ്പെക്ഷൻ വിംഗ്) വകുപ്പിന് അന്വേഷണം നടത്തുന്നതിനായി കൈമാറിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഐ) കെൽ പാമിന്റെ എം.ഡി. യായ ശ്രീ. ഷാജി മാധവനെതിരെ ലഭിച്ച പരാതി വിജിലൻസ് വകുപ്പിന് അന്വേഷണം നടത്തുന്നതിനായി കൈമാറിയിട്ടുണ്ട്; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

267 (1446) ടെൽക്-നെ രക്ഷിക്കുന്നതിന് നടപടി

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ടെൽക്നെ രക്ഷിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ സഹായം ഈ സ്ഥാപനത്തിന് നൽകി;

(ബി) ടെൽക്കിന്റെ 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലെ ലാഭനഷ്ടക്കണക്കുകൾ എത്രയാണ്; ഈ വർഷങ്ങളിൽ നടത്തിയ ഉൽപ്പാദനം എത്ര കോടി രൂപയുടേതാണ്;

(സി) ടെൽക്കിന് വിദേശ ഓർഡർ ഇപ്പോൾ ലഭിക്കുന്നുണ്ടോ; എങ്കിൽ എവിടെനിന്നും എത്ര കോടി രൂപയുടേത്;

(ഡി) ടെൽക്കിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്; ഇതിൽ മാനേജ്മെന്റ് ജീവനക്കാർ എത്ര, എത്ര ലക്ഷം രൂപ ശമ്പളം നൽകുന്നതിന് പ്രതിമാസം ഉണ്ടാകണം;

(ഇ) ഓരോ വിഭാഗത്തിനും ലഭിക്കുന്ന ശമ്പളം എത്രവീതമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1995-ൽ സി.ഐ.എഫ്.ആറിൽ രജിസ്റ്റർ ചെയ്ത ടെൽക് ലിമിറ്റഡിനെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽത്തന്നെ നിലനിറുത്തി പുനരുദ്ധരിക്കുവാനുള്ള തീരുമാനമെടുക്കുകയും അതനുസരിച്ച് സർക്കാർ നൽകിയ പുനരുദ്ധാരണ പദ്ധതി സി.ഐ.എഫ്. ആർ. അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത പുനരുദ്ധാരണ പദ്ധതി പ്രകാരം സർക്കാർ താഴെപ്പറയുന്ന സഹായങ്ങൾ കമ്പനിക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly